പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4328

21.03.2018 ൽ

മറുപടി നൽകേണ്ടിയിരുന്നത്

## കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) ഈ സർക്കാർ നിലവിൽ വന്നശേഷം പബ്ലിക് സർവ്വീസ് കമ്മീഷനിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) ഈ സർക്കാർ അധികാരമേറ്റശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 4-ാമത്തെ ഓൺലൈൻ പരീക്ഷാകേന്ദ്രം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. പി.എസ്.സി യിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി വിവിധ വിഭാഗങ്ങളിലായി 120 അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ട്. പി.എസ്.സി യുടെ ജില്ലാ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി വിവിധ ജില്ല കളിൽ സ്ഥലമെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. പാലക്കാട് ജില്ലാ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പി.എസ്.സി ഓഫീസു കളിൽ ഇ-ഓഫീസ് സംവിധാനം അനുവദിക്കാനും ഔദ്യോഗിക ഫേസ് ബുക്ക് പേജ് ആരംഭിക്കാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ വിവിധ മേഖലകളിൽ നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി പുതിയ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ കൈക്കൊണ്ട് വരുന്നുണ്ട്. |

| | | |
|---|---|---|
| ബി) | പി.എസ്.സി. സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | ബി) ഉണ്ട്. പി.എസ്.സി യുടെ സാമ്പത്തിക പ്രതിസന്ധി അടിയന്തിരമായി തരണം ചെയ്യുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ രണ്ട് ഉപശീർഷകങ്ങളിലായി പതിനാറ് കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. |
| സി) | പി.എസ്.സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ചോദ്യപേപ്പർ തയ്യാറാക്കുന്നതിൽ ഉണ്ടാകുന്ന അപാകതകൾ പരിഹരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | സി) പി.എസ്.സി യുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓൺലൈൻ പരീക്ഷകൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനും ഇംഗ്ലീഷിനുപുറമേ മറ്റ് ഭാഷകളിൽ കൂടി ഓൺലൈൻ പരീക്ഷ നടത്തുന്നതിനും വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br><br>ചോദ്യപേപ്പർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് മെഡിക്കൽ വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, ഹയർ സെക്കന്ററി വിദ്യാഭ്യാസം എന്നീ വകുപ്പ് മേധാവികൾ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരെ ഉൾപ്പെടുത്തി ബഹു.ചെയർമാന്റെ സാന്നിധ്യത്തിൽ യോഗം ചേർന്ന് അതാത് വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ ചോദ്യപേപ്പർ തയ്യാറാക്കുന്നതിലേയ്ക്കാവശ്യമായ വിദഗ്ധരുടെ പാനൽ തയ്യാറാക്കുവാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികളോട് നിർദ്ദേശിക്കുകയും അതുകൂടി ഉൾപ്പെടുത്തി പാനൽ പരിഷ്കരിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ